# പതിനാലാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 296      19.07.2016-ൽ മറുപടിയ്ക്ക്.

## അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ശാക്തീകരണത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയത്; വിശദമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ലോകബാങ്ക് ധനസഹായത്തോടുകൂടി കെ.എൽ.ജി.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കി വരുന്നു. ലോകബാങ്ക് ധനസഹായമായി ലഭിക്കുന്ന പെർഫോമൻസ് ഗ്രാന്റ് ആസ്തി നിർമ്മാണത്തിനായും പുനരുദ്ധാരണത്തിനുമായി ഉപയോഗിച്ചു വരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി 2014-15, 2015-16 എന്നീ വർഷങ്ങളിൽ ശ്മശാന നിർമ്മാണത്തിനും നവീകരണത്തിനുമായി തുക അനുവദിച്ച് നൽകുകയും പഞ്ചായത്തുകൾ തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കെട്ടിടം, കുടിവെള്ളം, വൈദ്യുതി, ടോയിലറ്റ് എന്നീ പ്രോജക്ടുകൾ വാർഷിക പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ശാക്തീകരണത്തിനും കെ.എസ്.യു.ഡി.പി. ശുദ്ധജല വിതരണം, സ്വീവറേജ് ആൻറ് സാനിട്ടേഷൻ, സ്റ്റോം വാട്ടർ ഡ്രെയിനേജ്, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡുകൾ എന്നീ കർമ്മപദ്ധതികൾ നടപ്പാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) യും (സി) യും | ലോകബാങ്ക് ധനസഹായം പ്രധാനമായും ഗ്രാമപഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ പഞ്ചായത്തുകളുടെ ശാക്തീകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.പി.എസ്.ജെ-യിൽ ഉൾപ്പെടുത്തി കെട്ടിടം ഇല്ലാത്ത 11 പഞ്ചായത്തുകൾക്ക് കെട്ടിട നിർമ്മാണത്തിനായി 15 ലക്ഷം രൂപ വീതവും, 34 പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 3 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട്, എം.പി ഫണ്ട് എന്നിവയും, കേന്ദ്ര സർക്കാരിന്റെ MGNREGS, PMGSY, PMAY, NRUM, RIDF എന്നീ പദ്ധതികളുമാണ് ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. ശ്മശാനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനം നിർമ്മിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ